പതിമൂന്നാം കേരള നിയമസഭ
പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാചോദ്യം നമ്പർ 1062

12/03/2015-ൽ മറുപടിക്ക്

**കെ. കെ. അനീഷ് മാസ്റ്ററുടെ മരണത്തെക്കുറിച്ചുള്ള അന്വേഷണം**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.പി.ശ്രീരാമകൃഷ്ണൻ | ശ്രീ. പി.കെ. അബ്ദുറബ്ബ്, വിദ്യാഭ്യാസ വകുപ്പ് മന്ത്രി |
| (എ) മലപ്പുറം ജില്ലയിലെ മുന്നിയൂർ ഹയർ സെക്കണ്ടറി സ്കൂളിൽ നിന്നും പിരിച്ചുവിട്ട ശ്രീ. കെ. കെ. അനീഷ് മാസ്റ്ററുടെ മരണത്തെക്കുറിച്ച് എന്തെല്ലാം അന്വേഷണങ്ങളാണ് നടക്കുന്നത്; | (എ) പ്രസ്തുത വിഷയത്തിൽ പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിൽ നിന്നും ക്യു.ഐ.പി. വിദ്യാഭ്യാസ ഉപഡയറക്ടറുടെ നേതൃത്വത്തിൽ വിജിലൻസ് വിഭാഗം 18.11.2014 ൽ അന്വേഷണം നടത്തുകയുണ്ടായി. |
| (ബി) പൊതു വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറേറ്റിലെ വിജിലൻസ് വിഭാഗം 18.11.2014 ൽ നടത്തിയ അന്വേഷണത്തിന്റെ റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായോ; എങ്കിൽ പകർപ്പ് ലഭ്യമാക്കാമോ; | (ബി) അന്വേഷണ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |
| (സി) അന്വേഷണ റിപ്പോർട്ട് സംബന്ധിച്ച് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ; | (സി) അന്വേഷണ റിപ്പോർട്ടിലെ കണ്ടെത്തലുകൾ പ്രകാരം മലപ്പുറം മുൻ വിദ്യാഭ്യാസ ഉപഡയറക്ടർ ശ്രീ. കെ. സി. ഗോപിക്കെതിരെ നടപടി സ്വീകരിക്കുവാനും മുന്നിയൂർ ഹൈസ്കൂൾ പ്രഥമാധ്യാപിക, മാനേജർ എന്നിവർക്ക് ചാർജ്ജ് മെമ്മോ നല്കുവാനുമുള്ള നടപടികൾ പൊതു വിദ്യാഭ്യാസ ഡയറക്ടർ സ്വീകരിച്ചു വരുന്നു. |
| (ഡി) ടിയാന്റെ ആശ്രിതർക്ക് സർക്കാർ സർവ്വീസിലോ അതേ സ്കൂളിലോ ജോലി നൽകുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) നിലവിലുള്ള നിയമപ്രകാരം പ്രസ്തുത മാനേജ്മെന്റിന്റെ കീഴിലുള്ള സ്കൂളിൽ മാത്രമേ ടിയാന്റെ ആശ്രിതർക്ക് നിയമനം നല്കുവാൻ വ്യവസ്ഥയുള്ളു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**